# കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാധനസഹായം ലഭിക്കുന്ന ഹീമോഫീലിയ രോഗികളുടെ ശ്രദ്ധക്ക്

കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാധനസഹായം ലഭിക്കാൻ അർഹതയുള്ള രോഗികളാണ് ഇതിലേക്ക് അപേക്ഷിക്കേണ്ടത്. കേരളത്തിൽ സ്ഥിരതാമസക്കാരനും, ബി.പി.ൽ., എ.പി.എൽ വ്യത്യാസമില്ലാതെ കുടുംബ വാർഷികവരുമാനം മൂന്നു ലക്ഷം രൂപ വരെയുള്ളവർക്കും ധനസഹായത്തിന് അർഹതയുണ്ട്. പരമാവധി ധനസഹായം രണ്ടുലക്ഷം രുപയാണ്.

## അപേക്ഷിക്കേണ്ട വിധം

1. ഹീമോഫീലിയ രോഗികൽക്ക് ആവശ്യമായ ഫാക്ടറുകൾ 24 മണിക്കുറും പ്രവർത്തിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രി (Designated Hospitals) കളിലൂടെയാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയിലൂടെ ആയിരിക്കും ഫാക്ടറുകൾ നല്കുക.
2. അടിയന്തിരഘട്ടങ്ങളിൽ അല്ലെങ്കിൽ അമിതരക്തസ്രാവം ഉണ്ടാകുമ്പോൾ മാത്രമേ സൗജന്യമായി മരുന്ന് നല്കുകയുള്ളൂ. അങ്ങനെയുള്ള ഘട്ടങ്ങളിൽ ചെന്നാൽ ചികിത്സ കിട്ടുമെന്ന് ഉറപ്പുള്ള ആശുപത്രി വേണം രോഗികൾ നിർദ്ദേശിക്കേണ്ടത്. അങ്ങനെയുള്ള ആശുപത്രികളിലെ ഡോക്ടർമാരിൽനിന്നുവേണം സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്.
3. അപേക്ഷകൻ കേരള സംസ്ഥാനത്തെ സ്ഥിരതാമസക്കാര നായിരിക്കണം. അപേക്ഷാ ഫാറത്തോടൊപ്പം ഇതു തെളിയിക്കുന്ന രേഖകളും റേഷൻകാർഡിന്റെ പകർപ്പും പരിശോധിക്കുന്ന സർക്കാർ ഡോക്ടറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഹാജരാക്കണം.
4. അപേക്ഷകന്റെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും, കുടുംബാംഗങ്ങൾ ഉൾപ്പെടെ സ്വന്തം/താമസിക്കുന്ന വീടിനുമുന്നിൽ

നിന്നും വീടുകൂടി കാണാവുന്നവിധം എടുത്തിട്ടുള്ള ഒരു കളർ ഫോട്ടോയും അപേക്ഷയോടൊപ്പം ഹാജരാക്കണം.

5. അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അതത് ജില്ലാ ഭാഗ്യക്കുറി ആഫീസ്സിലോ താഴെ പറയുന്ന മേൽവിലാസത്തിലോ 31–8–2012 നുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**'ദി അഡ്മിനിസ്ട്രേറ്റർ,**
**കാരുണ്യ ബെനവലന്റ് ഫണ്ട്, വൃന്ദാവനം ഹൗസിംഗ് സ്കീം,**
**പട്ടം, തിരുവനന്തപുരം – 695004, ഫോൺ – 04712442363.'**

## അംഗീകാരത്തിനുശേഷം

6. അപേക്ഷ കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മറ്റി അംഗീകരിക്കുന്ന പക്ഷം രോഗിക്ക് ഒരു ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്.
7. ഐഡന്റിറ്റി കാർഡ് ഡെസിഗിനേറ്റഡ് ആശുപത്രിൽ കാണിക്കുമ്പോൾ ഫാക്ടർ 8 സൗജന്യമായി ലഭിക്കുന്നതാണ്.
8. ഏതെങ്കിലും കാരണവശാൽ മറ്റ് സ്വകാര്യ ആശുപത്രികൾ, ഡെസിഗിനേറ്റഡ് അല്ലാത്ത സർക്കാർ ആശുപത്രികൾ എന്നിവയിൽ അടിയന്തിര ഘട്ടങ്ങളിൽ പ്രവേശിപ്പിക്കപ്പെടേണ്ടി വരുന്ന രോഗികൾക്ക് തങ്ങളുടെ ബന്ധുക്കൾ വഴിയോ, കൂട്ടുകാർ വഴിയോ ഫാക്ടർ 8 ഏറ്റവും അടുത്ത ഡെസിഗിനേറ്റഡ് ആശുപത്രിൽ നിന്നും വാങ്ങാവുന്നതാണ്.
9. ഖണ്ഡിക 7 പ്രകാരവും, ഖണ്ഡിക 8 പ്രകാരവും ഫാക്ടർ 8 ലഭിക്കുന്ന അവസരം രോഗികൾ/കൈപ്പറ്റുന്ന വ്യക്തി അവ ലഭിക്കുമ്പോൾ തന്നെ ഫാറം കെ.ബി.എഫ്–കെ.എം.എസ്സ്.സി.എൽ–2 ലുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് (ഫാറം – ഡെസിഗിനേറ്റഡ് ആശുപത്രിയിൽ ലഭ്യമാണ്) ഒപ്പിട്ടുനല്കേണ്ടതാണ്. അതുപോലെ തന്നെ രണ്ട്

അവസരങ്ങളിലും ഒഴിഞ്ഞകുപ്പികൾ ആശുപത്രി അധികൃതരെ തിരിച്ചേല്പിക്കേണ്ടതാണ്.

10. യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് ഒപ്പിട്ടുകൊടുക്കാതിരിക്കുകയോ, ഒഴിഞ്ഞകുപ്പി തിരികെ ഏല്പിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ തുടർന്ന് ഈ സ്കീം പ്രകാരം ഫാക്ടർ നല്കുന്നതല്ല.

11. ഫാക്ടർ 7, ഫാക്ടർ 9 എന്നിവ ആവശ്യമുള്ള രോഗികൾ ഈ സ്കീമിലേക്ക് മരുന്നുനല്കുന്ന കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ ജില്ലാ വെയർഹൗസ്സുകളിലോ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലോ ആണ് അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടേണ്ടത്.

12. ഡെസിഗിനേറ്റഡ് ആശുപത്രിയിൽ ഫാക്ടർ 8 കൈവശം വയ്ക്കുന്ന ഡോക്ടറുടെ/ഫാർമസിസ്റ്റിന്റെ പേരും, ഫോൺ നമ്പരുകളും, ഫാക്ടർ 7, ഫാക്ടർ 9 എന്നിവ ലഭ്യമാക്കുന്ന കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ ജില്ലാ വെയർഹൗസ്സ് / കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മാനേജർമാരുടെ പേരും, ഫോൺ നമ്പരുകളും, കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും അടങ്ങിയ കൈപ്പുസ്തകം ആറു മാസത്തിലൊരിക്കൽ രോഗിക്ക് ഡെസിഗിനേറ്റഡ് ആശുപത്രിയിലൂടെ ലഭ്യമാക്കുന്നതാണ്. പ്രസ്തുത വിവരങ്ങൾ കാരുണ്യ ബെനവലന്റ് ഫണ്ട്, കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ലോട്ടറി എന്നിവയുടെ വെബ് സൈറ്റുകളിലൂം ലഭ്യമായിരിക്കും.

13. രോഗിക്ക് കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുക തീരുന്ന മുറക്ക് മരുന്ന് നൽകുന്നത് നർത്തിവക്കുന്നതും ഈ വിവരം മുൻകൂട്ടി രോഗിയെ കെ.എം.എസ്.സി.എൽ-ൽ നിന്നും അറിയിക്കുന്നതുമാണ്.

14. രോഗിക്ക് കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുക തീരുന്ന മുറക്ക് തുടർന്നും മരുന്ന് ആവശ്യമാണെങ്കിൽ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയോ മറ്റ് ഉത്തരവാദിത്വപ്പെട്ട

സന്നദ്ധസംഘടനകളോ ആവശ്യപ്പെട്ടാൽ ആവശ്യമായ മരുന്ന് കുറഞ്ഞ നിരക്കിൽ കെ.എം.എസ്.സി.എൽ–ൽ നിന്നും നല്കുന്നതാണ്.

**<u>രോഗികളുടെ പ്രത്യേക ശ്രദ്ധക്ക്</u>**

1. ദീർഘയാത്ര ഉൾപ്പെടെ എല്ലാ അവസരങ്ങളിലും ഐ.ഡി. കാർഡും, കൈപ്പുസ്തകവും കൈവശം കരുതണം.
2. ഓരോ പ്രാവശ്യവും മരുന്ന് ഉപയോഗിച്ചു കഴിഞ്ഞാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റും നേരത്തെ നല്കിയിട്ടുള്ള മരുന്നിന്റെ ഒഴിഞ്ഞ ബോട്ടിലും ബന്ധപ്പെട്ട കൗണ്ടറിൽ ഏൽപ്പിക്കണം.
3. തനിക്ക് ലഭിക്കുന്ന മരുന്ന് യാതൊരു കാരണവശാലും ദുരുപയോഗം ചെയ്യുന്നില്ലായെന്ന് രോഗി സ്വയം ഉറപ്പുവരുത്തേണ്ടതാണ്.
4. മരുന്നു ലഭിക്കുന്നതു സംബന്ധിച്ചുള്ള പരാതികളോ, നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അത് ഞങ്ങൾ എപ്പോഴും സ്വാഗതം ചെയ്യുന്നു.

*************************